■ അനുസ്മരണം ■



## ആർ.വി അബ്ദുൽ അസീസ്

**ദമ്മാമിലെ** പ്രാസ്ഥാനിക സദസ്സുകളിൽ സ്ഥിരസാന്നിധ്യമായിരുന്ന ആർ.വി എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന ആർ.വി അബ്ദുൽ അസീസ് സാഹിബ് നിര്യാതനായി - *ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

ബഹ്റൈനിലും സുഊദിയിലുമായി മൂന്ന് ദശകത്തോളം ജോലി ചെയ്ത ആർ.വി ജോലിസ്ഥലത്തുനിന്ന് റൂമിലേക്ക് മടങ്ങവെ ഹൃദയാഘാതം മൂലമാണ് മരണമടഞ്ഞത്. ചാവക്കാട് മുതുവട്ടൂർ സ്വദേശിയായ അദ്ദേഹം മൂന്ന് പെൺമക്കളുടെ പിതാവാണ്. ജമാഅത്തെ ഇസ്‌ലാമി കാർകുനായിരുന്ന ആർ.വി ഖുർആൻ ആഴത്തിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. ആർ.വിയുടെ ഖുർആൻ ക്ലാസ്സുകൾ വളരെ ആകർഷകമായിരുന്നു.

ലളിത ജീവിതം നയിച്ചിരുന്ന ആർ.വി അറബി, ഇംഗ്ലീഷ്, ഉർദു, ഹിന്ദി ഭാഷകൾ ഒഴുക്കോടെ സംസാരിച്ചിരുന്നു.

ആരാധനകളിൽ കൃത്യനിഷ്ഠ പുലർത്തി. തഹജ്ജുദ് നമസ്കരിച്ച് സ്വുബ്ഹിന് മുമ്പ് പള്ളിയിലെത്തുന്നതായിരുന്നു ശീലം. തിങ്കളാഴ്ചയും വ്യാഴാഴ്ചയും സുന്നത്ത് നോമ്പ് പതിവാക്കിയിരുന്നു. നോമ്പുകാരനായിരിക്കെയാണ് അല്ലാഹുവിങ്കലേക്ക് യാത്രയായത്. അല്ലാഹു അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുത്തുകൊടുക്കുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുമാറാകട്ടെ - ആമീൻ.

**അബൂഹബീബ്, ദമ്മാം**



## ഫാത്വിമാ റഹ്മാൻ

**എറണാകുളം** പ്രാദേശിക ജമാഅത്തിലെ അംഗമായിരുന്ന ഫാത്വിമാ റഹ്മാൻ(81) കഴിഞ്ഞ ഏപ്രിൽ 29-ന് നിര്യാതയായി - *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.*

പണ്ഡിതയും പക്വമതിയും ധീരയുമായ പ്രവർത്തകയായിരുന്നു അവർ. പ്രായത്തെ വെല്ലുന്ന പ്രവർത്തനതൽപരത. വനിതകൾക്കു വേണ്ടി രണ്ടും മൂന്നും ക്ലാസ്സുകളെടുക്കുകയും ഇസ്‌ലാഹീ പ്രവർത്തനങ്ങൾക്കും ദഅ്‌വത്തിനും മുന്നിട്ടിറങ്ങുകയും ചെയ്യാത്ത ഒരാഴ്ചയും അവരുടെ ജീവിതത്തിലുണ്ടായിരുന്നില്ല. പാവപ്പെട്ടവരെയും വിധവകളെയും അനാഥരെയും സഹായിക്കാൻ അവർ പ്രത്യേകം താൽപര്യം കാണിച്ചു.

1980-കളിൽ കെ.ടി അബ്ദുർറഹീം സാഹിബിന്റെ പ്രസംഗങ്ങളും ഖുത്ബകളുമാണ് ഫാത്വിമാ റഹ്മാനെ പ്രസ്ഥാനത്തിലേക്ക് അടുപ്പിച്ചത്. എറണാകുളത്ത് എസ്.ആർ.എം റോഡ്, വാഴക്കാല ഹൽഖകളിൽ അവർ വർഷങ്ങളോളം ക്ലാസ്സെടുത്തിരുന്നു. അവിടങ്ങളിലൊക്കെ വനിതാ ഹൽഖകൾ അവരുടെ ശ്രമഫലമായി നിലവിൽവന്നു. സ്കൂളിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസം മാത്രമേ ലഭിച്ചിരുന്നുള്ളൂവെങ്കിലും പിതാവിൽനിന്ന് ഖുർആനും ഹദീസും ചരിത്രവുമൊക്കെ നന്നായി പഠിച്ചു. ഇമാം റാസിയുടെ തഫ്സീർ സ്വന്തമായുണ്ടായിരുന്ന അവർ ഹൽഖാ യോഗങ്ങളിൽ മിക്കപ്പോഴും അതിൽനിന്ന് ഉദ്ധരിക്കുമായിരുന്നു.

ഭർത്താവ് കോട്ടയത്തെ പ്രശസ്തമായ മൗലാന വീട്ടിൽ ഇ.പി അബ്ദുർറഹ്മാൻ വർഷങ്ങൾക്കു മുമ്പ് മരിച്ചു. മുംതാസ്, ആശാ റഹ്മാൻ, ഷാനവാസ് എന്നിവർ മക്കളാണ്. മുൻ എം.എൽ.എ മർഹൂം കെ.സി.എം മേത്തറുടെ ഭാര്യ സുഹ്റാ മേത്തർ, അന്നമനടയിലെ ഖാസിമിന്റെ ഭാര്യ ആമിന (ജമാഅത്തംഗം), തൃശൂരിലെ ഡോ. എ.കെ അബ്ദുല്ലയുടെ ഭാര്യ മറിയക്കുട്ടി എന്നിവർ സഹോദരിമാരാണ്. മായൻകുട്ടി സഹോദരനാണ്.

കരുണാവാരിധിയായ അല്ലാഹു പരേതക്ക് മഗ്ഫിറത്തും മർഹമത്തും നൽകുകയും അവരെയും നമ്മെയും സ്വർഗത്തിൽ ഒരുമിച്ചുകൂട്ടുകയും ചെയ്യുമാറാകട്ടെ - ആമീൻ.

**ഉമർ മുഹമ്മദ്**